ഉത്തരം

(എ) ഉണ്ട്.

(ബി, സി) ഇപ്പോഴം പദ്ധതിയില്ല.

തൃശ്ശൂർ റസ്റ്റ് ഹൗസ് കോമ്പൗണ്ടിൽ കെ.എസ്.ടി.പി. മന്ദിരം

135 [1483] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന് തൃശ്ശൂരിൽ സ്വന്തമായി എത്ര സ്ഥലം ഉണ്ട്;

(ബി) തൃശ്ശൂർ പി. ഡബ്ല്യു. ഡി. റസ്റ്റ് ഹൗസ് കോമ്പൗണ്ടിൽ എത്ര സ്ഥലം ഉണ്ട്; ഇതിന്റെ ഉടമസ്ഥാവകാശം ആർക്കാണെന്നും റവന്യു വകുപ്പിന് ഇവിടെ സ്ഥലം ഉണ്ടോ എന്നും വ്യക്തമാക്കാമോ;

(സി) തൃശ്ശൂർ പി. ഡബ്ല്യു. ഡി. റസ്റ്റ് ഹൗസ് കോമ്പൗണ്ടിൽ കെ. എസ്. ടി. പി.-ക്ക് പുതിയ ഗസ്റ്റ് ഹൗസ് മന്ദിരം പണിയുന്നതിന് സ്ഥലം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര സ്ഥലം അനുവദിച്ചു എന്നും, ഇതിന്റെ വ്യവസ്ഥകം എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ഡി) കെ. എസ്. ടി. പി. പണിയുന്ന ഗസ്റ്റ് ഹൗസ് ഏത് ആവശ്യത്തിനുവേണ്ടിയാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) കെ. എസ്. ടി. പി. ഗസ്റ്റ് ഹൗസ് നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തുക എത്രയാണ്; ഇതിന്റെ നിർമ്മാണം എന്നു പൂർത്തിയാകുമെന്നും, നിർമ്മാണ ചെലവ് ആരാണ് വഹിക്കുന്നതെന്നും വ്യക്തമാക്കാമോ;

(എഫ്) കെ. എസ്. ടി. പി. പണിയുന്ന പുതിയ ഗസ്റ്റ് ഹൗസ് മന്ദിരവും സ്ഥലവും ആരുടെ പേരിലാണ് രജിസ്റ്റർ ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിൽ പൊതുമരാമത്ത് വകുപ്പിന് 3536.91 സെന്റ് സ്ഥലം ഉണ്ട്.

(ബി) തൃശ്ശൂർ പി. ഡബ്ല്യു. ഡി. റസ്റ്റ് ഹൗസ് കോമ്പൗണ്ടിൽ 201.05 സെന്റ് സ്ഥലം ഉണ്ട്. റവന്യു വകുപ്പിന് ഈ കോമ്പൗണ്ടിൽ സ്ഥലം ഇല്ല.

(സി) ഉണ്ട്. 19.04 ആർ സ്ഥലം അനുവദിച്ചിട്ടുണ്ട്. പ്രോജക്ട് പൂർത്തിയായിക്കഴിഞ്ഞാൽ സ്ഥലവും കെട്ടിടവും പി. ഡബ്ല്യു. ഡി.-ക്ക് തിരിച്ചേൽപ്പിക്കാമെന്ന വ്യവസ്ഥയിലാണ് സ്ഥലം അനുവദിച്ചിട്ടുള്ളത്.

(ഡി) കൺസൾട്ടന്റ് എഞ്ചിനീയറുടെ താമസത്തിനുവേണ്ടിയാണ് കെട്ടിടം പണിയുന്നത്.

(ഇ) 50 ലക്ഷം രൂപയാണ് എസ്റ്റിമേറ്റ്. 2006 മാർച്ചിൽ പണി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. നിർമ്മാണ ചെലവ് പ്രോജക്ടിൽ നിന്നുമാണ് വഹിക്കുന്നത്.

(എഫ്) കെട്ടിടവും സ്ഥലവും പി. ഡബ്ല്യു. ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലാണ്.

LIBRARY ARCHIVES Kerala Legislative Assembly